**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **11-10-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയിലെ വീഴ്ച പരിഹരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്,**<br>**ശ്രീ . മഞ്ഞളാംകുഴി അലി ,**<br>**ശ്രീ എ കെ എം അഷ്‌റഫ്,**<br>**ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ കാര്യത്തിൽ പോലീസിൽ നിന്നും ബോധപൂർവ്വമായ വീഴ്ചകൾ ഉണ്ടാകുന്നുവെന്ന ആക്ഷേപം ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്ന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന് വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ ഗൗരവം കണക്കിലെടുത്ത്, അന്വേഷണം നടത്തി, കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | അടുത്ത കാലത്ത് പോലീസിലെ പിങ്ക് വിഭാഗം ഉൾപ്പെടെയുള്ളവരുടെ പ്രവൃത്തികളുടെ അടിസ്ഥാനത്തിലുയർന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. തിരുവനന്തപുരം ആറ്റിങ്ങലിൽ മൂന്നാം ക്ലാസ്സുകാരിയുടെ ഒപ്പമുണ്ടായിരുന്ന പിതാവിനെ റോഡിൽവച്ച് അനാവശ്യമായി ചോദ്യം ചെയ്തതായ ആരോപണത്തിന്മേൽ ആരോപണ വിധേയയായ ആറ്റിങ്ങൽ പിങ്ക് പട്രോൾ വാഹനത്തിലെ ഡ്രൈവർ ഡ്യൂട്ടി നോക്കിയിരുന്ന GSCPO T 3243 രജിതയെ തിരുവനന്തപുരം റേഞ്ച് DIG യുടെ No. A2(a)/10052/2021 TR dated 29.08.2021 പ്രകാരം കൊല്ലം സിറ്റി പോലീസ് യൂണിറ്റിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതും രണ്ടാഴ്ചത്തെ Behaviour Improvement Training നല്കുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (സി) | സ്ത്രീകളുടെ പ്രത്യേകിച്ച് കുട്ടികളുടെ സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച് പോലീസ് സേനയ്ക്കാകെ പരിശീലനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; | (സി) | സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷയുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ചുള്ള പരിശീലനങ്ങൾ നിലവിൽ പോലീസ് സേനയ്ക്ക് നല്കി വരുന്നുണ്ട്. |
| (ഡി) | പോലീസിലെ വനിതാ വിഭാഗത്തിലുൾപ്പെടെയുള്ളവരിൽ നിന്നുണ്ടാകുന്നതായി പറയപ്പെടുന്ന നിയമലംഘനത്തിനെതിരെ പഴുതടച്ച നിയമനടപടിക്ക് തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഡി) | വനിതാ വിഭാഗത്തിലുൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നിയമ ലംഘനം ഉണ്ടായാൽ അത് ഗൗരവമായി കണ്ട് കർശനമായ നിയമ/വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ